**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2449** **08.12.2015-ൽ മറുപടിയ്ക്ക്**

# പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യസംരക്ഷണം


**ചോദ്യം**

**ശ്രീ.എ.കെ.ബാലൻ**

**മറുപടി**

**ശ്രീമതി.പി.കെ.ജയലക്ഷ്മി**

**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**


| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സംസ്ഥാന ഗവൺമെന്റ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതികളും ആരംഭിച്ച വർഷവും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ; | എ) | **1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി (2013-14)** സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. എ.പി.എൽ/ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10,000/-രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി ടി പദ്ധതി നടപ്പാക്കുന്നു. ചികിത്സാ ചെലവ് 50,000/-രൂപയിൽ |

| | | | |
|---|---|---|---|
| | | | അധികരിക്കുകയാണെങ്കിൽ സർക്കാർ ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിച്ച് വരുന്നുണ്ട്.<br><br>**2. <u>ജനനി ജന്മരക്ഷാ പദ്ധതി (2013-14)</u>**<br>ടി പദ്ധതിയിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രതിമാസം 1,000/-രൂപ ധനസഹായം അനുവദിച്ചു നൽകുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുട്ടിക്ക് 1 വയസ് പൂർത്തിയാകുന്നതുവരെ (പരമാവധി 18 മാസം) ടി ധനസഹായം നൽകി വരുന്നു.<br><br>**3. <u>സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം</u>**<br>ടി പദ്ധതി പ്രകാരം അരിവാൾ രോഗികളായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രതിമാസം 1,000/-രൂപ ധനസഹായമായി നൽകി വരുന്നു. ടി തുക അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് നൽകുകയാണ് ചെയ്യുന്നത്. |
| ബി) | കഴിഞ്ഞ 5 വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ ബഡ്ജറ്റിൽ നീക്കിവച്ച തുകയും ചിലവഴിച്ച തുകയും വിശദമാക്കുമോ; | ബി) | തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | പട്ടികവർഗ്ഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; | സി) & ഡി) | കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതികൾ നിലവിലില്ല. |
| ഡി) | ഓരോ പദ്ധതിക്കും കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയും ചിലവഴിച്ച തുകയും വിശദമാക്കുമോ? | | |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | 2012-13 (തുക ലക്ഷത്തിൽ) | |
|---|---|---|---|
| | | അനുവദിച്ച തുക | ചെലവഴിച്ച തുക |
| 1 | സമഗ്ര ആരോഗ്യ പദ്ധതി | - | - |
| 2 | ജനനി ജന്മ രക്ഷ | - | - |
| 3 | സിക്കിൾ സെൽ അനീമിയ | 28.36 | 28.36 |